**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4295** **01-07-2024 - ൽ മറുപടിയ്ക്ക്**

**പടന്നക്കാട് മേൽപ്പാലം -വെള്ളരിക്കുണ്ട് റോഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കാഞ്ഞങ്ങാട് മണ്ഡലത്തിലെ കിഫ്ബിയുടെ ധനകാര്യ അംഗീകാരത്തിനായി സമർപ്പിച്ച പടന്നക്കാട് മേൽപ്പാലം -വെള്ളരിക്കുണ്ട് റോഡിന് അംഗീകാരം നൽകാൻ കാലതാമസം നേരിടുന്നതിനുള്ള കാരണമെന്തെന്ന് അറിയിക്കാമോ; | (എ) | കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് മണ്ഡലത്തിലെ പടന്നക്കാട് മേൽപ്പാലം -വെള്ളരിക്കുണ്ട് റോഡ് പ്രവൃത്തിക്കായി 10/07/2017-ലെ സ. ഉ. (സാധാ) നം. 942/2017/PWD പ്രകാരം തത്വത്തിൽ 60 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. കെ.ആർ.എഫ്.ബി യാണ് പ്രസ്തുത പദ്ധതിയുടെ നിർവഹണ ഏജൻസി.<br><br>തുടർന്ന്, ഒന്നാം ഘട്ടമായി പുളിക്കൽ പാലം, ആനപ്പെട്ടി പാലം, ബാനം കലുങ്ക് എന്നിവയ്ക്ക് 26/02/2021 തീയ്യതിയിൽ PWD015-102/APR-2/2021/KIIFB ഉത്തരവ് പ്രകാരം 7.27 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബി നൽകിയിരുന്നു. കൂടാതെ 19/09/2022 തീയതിയിൽ 9.37 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിയും നല്കിയിട്ടുണ്ട്.<br><br>10/01/2022-ൽ 8.90 കോടി രൂപയുടെ സാങ്കേതികാനുമതി ലഭ്യമായ പ്രവൃത്തി നിലവിൽ പുരോഗമിച്ചുവരികയാണ്. ഒന്നാം ഘട്ട പ്രവൃത്തികൾ പൂർത്തീകരണത്തിന്റെ അന്തിമ ഘട്ടത്തിൽ എത്തുന്ന മുറയ്ക്ക് രണ്ടാം ഘട്ട റോഡ് പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ കിഫ്ബി കെ.ആർ.എഫ്.ബി യോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | കാഞ്ഞങ്ങാട് നിന്നും മലയോര താലൂക്ക് ആസ്ഥാനമായ വെള്ളരിക്കുണ്ടിലേയ്ക്കും മലയോര പഞ്ചായത്തുകളിലേക്കും അതിവേഗം എത്താവുന്ന മാർഗ്ഗം എന്ന നിലയ്ക്ക് പ്രസ്തുത പദ്ധതിക്ക് എപ്പോൾ അംഗീകാരം ലഭിക്കുമെന്ന് വിശദമാക്കാമോ? | (ബി) | കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് മണ്ഡലത്തിലെ പടന്നക്കാട് മേൽപ്പാലം -വെള്ളരിക്കുണ്ട് റോഡ് പ്രവൃത്തിക്കായി 10/07/2017-ലെ സ. ഉ. (സാധാ) നം. 942/2017/PWD പ്രകാരം തത്വത്തിൽ 60 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. കെ.ആർ.എഫ്.ബി യാണ് പ്രസ്തുത പദ്ധതിയുടെ നിർവഹണ ഏജൻസി.<br><br>തുടർന്ന്, ഒന്നാം ഘട്ടമായി പുളിക്കൽ പാലം, ആനപ്പെട്ടി പാലം, ബാനം കലുങ്ക് എന്നിവയ്ക്ക് |

| | | | |
|---|---|---|---|
| | | | 26/02/2021 തീയ്യതിയിൽ PWD015-102/APR-2/2021/KIIFB ഉത്തരവ് പ്രകാരം 7.27 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബി നൽകിയിരുന്നു. കൂടാതെ 19/09/2022 തീയതിയിൽ 9.37 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിയും നല്കിയിട്ടുണ്ട്.<br><br>10/01/2022-ൽ 8.90 കോടി രൂപയുടെ സാങ്കേതികാനുമതി ലഭ്യമായ പ്രവൃത്തി നിലവിൽ പുരോഗമിച്ചുവരികയാണ്. ഒന്നാം ഘട്ട പ്രവൃത്തികൾ പൂർത്തീകരണത്തിന്റെ അന്തിമ ഘട്ടത്തിൽ എത്തുന്ന മുറയ്ക്ക് രണ്ടാം ഘട്ട റോഡ് പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ കിഫ്ബി കെ.ആർ.എഫ്.ബി യോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ